ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:19.08.2024**

## പ്രധാനവാർത്തകൾ

1. വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ കടബാധ്യത എഴുതിത്തള്ളണമെന്ന് ബാങ്കേഴ്സ് സമിതി യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ.
2. ദുരിതബാധിതർക്ക് അനുവദിച്ച അടിയന്തര ധനസഹായത്തിൽ നിന്ന് വായ്പ തിരിച്ചടവ് ഈടാക്കിയ കേരള ഗ്രാമീൺ ബാങ്കിൻറെ നടപടിക്കെതിരെ യുവജന സംഘടനകളുടെ നേതൃത്വത്തിൽ പ്രതിഷേധം.
3. കൊൽക്കത്തയിലെ വനിതാ ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ഡോക്ടർമാർ നടത്തുന്ന സമരം തുടരുന്നു. ആരോഗ്യ പ്രവർത്തകർത്തകരുടെ സുരക്ഷയ്ക്കായി സാധ്യമായതെല്ലാം ചെയ്യുമെന്ന് പശ്ചിമ ബംഗാൾ ഗവർണർ സി. വി. ആനന്ദ ബോസ്.
4. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ മാധ്യമ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ വിലയിരുത്തി.
5. കേരള ഖാദിമേളയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും.
6. സംസ്ഥാനത്ത് മൂന്ന് ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
   പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രതാ നിർദ്ദേശം.

PNU TVPM

**************************************************

## മുഖ്യമന്ത്രി - ബാങ്ക് വായ്പ-(ഇൻട്രോ)

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ കടബാധ്യത എഴുതിത്തള്ളണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിൻറെ ബാധ്യത ബാങ്കുകൾ തന്നെ വഹിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. തിരുവനന്തപുരത്ത് ബാങ്കേഴ്സ് സമിതി യോഗത്തിലാണ് മുഖ്യമന്ത്രി ഈ ആവശ്യം മുന്നോട്ടുവച്ചത്.

(ഹോൾഡ് ഫോർ ബൈറ്റ്........)

കേരള ബാങ്ക് മാതൃകയിൽ മറ്റു ബാങ്കുകളും കടബാധ്യതകൾ എഴുതിത്തള്ളാൻ തയ്യാറാകണമെന്നും മുഖ്യമന്ത്രി യോഗത്തിൽ പറഞ്ഞു.

**************************************************

## വയനാട് - ബാങ്ക്

മുണ്ടക്കൈ , ചൂരൽമല ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് സർക്കാർ അനുവദിച്ച അടിയന്തര ധനസഹായമായ 10,000 രൂപയിൽ നിന്നു വായ്പ തിരിച്ചടവ് ഈടാക്കിയ കേരള ഗ്രാമീൺ ബാങ്കിൻറെ നടപടിക്കെതിരെ കൽപറ്റയിൽ യുവജന സംഘടനകളുടെ നേതൃത്വത്തിൽ ഉപരോധ സമരം തുടരുന്നു. ഇതുസംബന്ധിച്ച് ദുരിതാശ്വാസ ക്യാപുകളിൽ കഴിയുന്നവർ ബാങ്കിനെതിരെ പരാതിയുമായി രംഗത്തെത്തിയിരുന്നു. നടപടി വിവാദമായതോടെ മുഖ്യമന്ത്രി പിണറായി വിജയൻ പ്രശ്നം പരിഹരിക്കാൻ കളക്ടറോട് നിർദേശിച്ചിട്ടുണ്ട്. ദുരന്തബാധിതരിൽ നിന്ന് ഈടാക്കിയ തുക ഉടൻ തിരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് ബാങ്ക് മാനേജർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഉത്തരവും നൽകും. അതേസമയം, മൂന്നുപേർക്ക് തിരിച്ചടവ് പിടിച്ച തുക തിരികെ നൽകിയതായി ബാങ്ക് പ്രസ്താവനയിൽ അറിയിച്ചു.

**************************************************

## ആനന്ദ ബോസ്

ആരോഗ്യ പ്രവർത്തകർത്തകരുടെ സുരക്ഷയ്ക്കായി സാധ്യമായതെല്ലാം ചെയ്യുമെന്ന് പശ്ചിമ ബംഗാൾ ഗവർണർ സി. വി. ആനന്ദ ബോസ്.

RIU TVPM

കൊൽക്കത്തയിലെ ആർ ജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൻറെ പശ്ചാത്തലത്തിൽ വിളിച്ചു ചേർത്ത അടിയന്തര യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കേണ്ടത് രാജ്യത്തിൻറെ ഉത്തരവാദിത്തമാണെന്നും അദ്ദേഹം പറഞ്ഞു. വനിതാ നേതാക്കളുമായും ഡോക്ടർമാരുമായും അദ്ദേഹം രാജ്ഭവനിൽ കൂടിക്കാഴ്ച നടത്തി. അതെസമയം, കൊൽക്കത്തയിലെ വനിതാ ഡോക്ടറെ ബലാംത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ സുപ്രീം കോടതി സ്വമേധയാ എടുത്ത കേസ് നാളെ പരിഗണിക്കും. സംഭവത്തിൽ പ്രതിഷേധിച്ച് രാജ്യവ്യാപകമായി നടത്തുന്ന സമരം ഇന്നും തുടരുമെന്ന് ഡോക്ടർമാരുടെ സംഘടന അറിയിച്ചു. കേരളത്തിൽ ആയുർവേദ ഡോക്ടർമാർ ഇന്ന് കരിദിനമായി ആചരിക്കുകയാണ്.

**********************************************

## എൽ.മുരുഗൻ

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ മാധ്യമ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ വിലയിരുത്തി. ചെന്നൈയിൽ നടന്ന യോഗത്തിൽ കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിലെ പ്രാദേശിക യൂണിറ്റ് മേധാവികൾ പങ്കെടുത്തു. ആകാശവാണി, ദൂരദർശൻ, പി ഐ ബി, സി.ബി.സി തുടങ്ങിയവയുടെ ഓഫീസുകളിലാണ് യോഗം നടന്നത്.

**********************************************

## വയനാട്- തിരച്ചിൽ

വയനാട് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ ചാലിയാർ പുഴയുടെ തീരത്ത് ഇന്നും തിരച്ചിൽ തുടരും. മുണ്ടേരി, ഇരുട്ടുകുത്തി, അമ്പിട്ടാംപൊട്ടി, പനങ്കയം, മച്ചികൈ പ്രദേശത്താണ് ഇന്നലെ തിരച്ചിൽ നടത്തിയത്. പൊലീസ്, എമർജൻസി റസ്ക്യൂ ഫോഴ്സ് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് തിരച്ചിൽ നടത്തിയത്.

RNU TVPM

************************************************

## കേരള ഖാദി-മുഖ്യമന്ത്രി

കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഓണം ഖാദിമേളയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് വൈകുന്നേരം തിരുവനന്തപുരത്തെ അയ്യങ്കാളി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ധനകാര്യമന്ത്രി കെ.എൻ. ബാലഗോപാൽ അധ്യക്ഷത വഹിക്കും. യോഗത്തിൽ ഖാദി ബോർഡ് വൈസ് ചെയർമാൻ പി.ജയരാജൻ പങ്കെടുക്കും.

************************************************

## അശ്വിനി വൈഷ്ണവ്

ഉദ്യോഗസ്ഥ മേധാവിത്വത്തിലെ സമാന്തര നിയമനം എന്ന കോൺഗ്രസ് വിമർശനം കാപട്യമാണെന്ന് വാർത്താവിതരണപ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ്. അടുത്തിടെ, കേന്ദ്ര മന്ത്രാലയങ്ങളിൽ 45 ജോയിൻറ് സെക്രട്ടറിമാരെയും ഡയറക്ടർമാരെയും ഡെപ്യൂട്ടി സെക്രട്ടറിമാരെയും നിയമിക്കാൻ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ പരസ്യം നൽകിയത് പ്രതിപക്ഷ പാർട്ടികൾ ചോദ്യം ചെയ്തിരുന്നു. സമാന്തര നിയമനം എന്ന ആശയം വികസിപ്പിച്ചെടുത്തത് കോൺഗ്രസിൻ്റെ നേതൃത്വത്തിലുള്ള യുപിഎ സർക്കാരാണെന്ന് വൈഷ്ണവ് സോഷ്യൽ മീഡിയ പോസ്റ്റിൽ പറഞ്ഞു.

RNU TVPM

************************************************

## മുതലപ്പൊഴി - (ഇൻട്രോ)

മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞ് കാണാതായ മത്സ്യതൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി. അഞ്ചുതെങ്ങ് തോണികടവ് പുതുവൽപുരയിടം വീട്ടിൽ ബനഡിക്റ്റാണ് മരിച്ചത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**
**(വോയിസ്........)**

************************************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് മൂന്ന് ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കേരള, കർണ്ണാടക-ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പ്.

*************************************************

## ഹേമ കമ്മിറ്റി

ചലച്ചിത്ര രംഗത്തെ സ്ത്രീകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്ത് വിടുന്നതിനെതിരെ ചലച്ചിത്ര താരം രഞ്ജിനി നൽകിയ ഹർജി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളിയെന്ന് റിപ്പോർട്ട്. രഞ്ജിനിക്ക് സിംഗിൾ ബഞ്ചിനെ സമീപിക്കാമെന്ന് കോടതി അറിയിച്ചു.

*************************************************

## കുരങ്ങുപനി

വിവിധ രാജ്യങ്ങളിൽ കുരങ്ങുപനി വ്യാപിക്കുന്ന പശ്ചാത്തലത്തിൽ -രോഗ നിരീക്ഷണം വർദ്ധിപ്പിക്കാനും കേസുകൾ വേഗത്തിൽ കണ്ടെത്തുന്നതിന് ഫലപ്രദമായ നടപടികൾ കൈക്കൊള്ളാനും കേന്ദ്രം സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചു. പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പി.കെ.മിശ്ര അധ്യക്ഷതയിൽ ഇന്നലെ ചേർന്ന ഉന്നതതല യോഗത്തിൽ രാജ്യത്തു കുരങ്ങുപനിയെ പ്രതിരോധിക്കുന്നതിനുള്ള തയ്യാറെടുപ്പിന്റെ സ്ഥിതിയും അനുബന്ധ പൊതുജനാരോഗ്യ നടപടികളും അവലോകനം ചെയ്തു. പ്രധാനമന്ത്രി നരേന്ദ്ര മോദി സ്ഥിതിഗതികൾ നിരന്തരം നിരീക്ഷിച്ചു വരികയാണെന്നും അദ്ദേഹം പറഞ്ഞു.

*************************************************

RNU TVPM

## രക്ഷാബന്ധൻ

സഹോദര ബന്ധത്തിൻറെ മഹത്വം വിളിച്ചോതി രാജ്യത്തുടനീളം ഇന്ന് രക്ഷാബന്ധൻ ആഘോഷിക്കുന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള പ്രമുഖർ രക്ഷാബന്ധൻ ദിനത്തിൽ ജനങ്ങൾക്ക് ആശംസകൾ നേർന്നു.

*************************************************

## എം.വി ഗോവിന്ദൻ

കെ ടി ഡി സി ചെയർമാൻ സ്ഥാനം രാജിവെക്കും എന്ന വാർത്ത തെറ്റാണെന്ന് എം വി ഗോവിന്ദൻ തൃശ്ശൂരിൽ പറഞ്ഞു. പി കെ ശശിക്കെതിരെ നടപടി എടുത്തിട്ടില്ല. ചെയർമാൻ സ്ഥാനം രാജിവെക്കാൻ പാർട്ടി ആവശ്യപ്പെട്ടിട്ടില്ല. രാജിവെക്കുന്നുണ്ടെങ്കിൽ അത് വ്യക്തിപരമായ തീരുമാനം മാത്രമാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

*************************************************

## അനുസ്മരണ സമ്മേളനം

സ്വതന്ത്ര്യ സമര സേനാനിയും കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാവുമായ പി കൃഷ്ണപിള്ളയുടെ ചരമ വാർഷിക ദിനത്തോടനുബന്ധിച്ച് ആലപ്പുഴയിൽ അനുസ്മരണ സമ്മേളനങ്ങൾ നടന്നു. വലിയ ചുടുകാട് രക്തസാക്ഷി മണ്ഡപത്തിലും, പി കൃഷ്ണപിള്ള അവസാന നാളുകൾ കഴിച്ചുകൂട്ടിയ മുഹമ്മ കണ്ണർകാടും അനുസ്മരണ സമ്മേളനങ്ങൾ നടന്നു. സി.പി.ഐ യുടെയും സിപിഎമ്മിൻറെയും നേതൃത്വത്തിൽ നടത്തിയ പരിപാടിയിൽ എ വിജയരാഘവൻ, ബിനോയ് വിശ്വം തുടങ്ങിയവർ പങ്കെടുത്തു.

*************************************************

## ഓഹരി+ സ്വർണ്ണം

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 17 പോയിൻറ് ഉയർന്ന് 80,454- ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 31 പോയിൻറ് നേട്ടത്തിൽ 24,572- ലും വ്യാപാരം തുടരുന്നു.

RNU TVPM

സ്വർണ്ണവിലയിൽ മാറ്റമില്ല. ഗ്രാമിന് 6,670 രൂപയും പവന് 53,360 രൂപയുമാണ് ഇന്നത്തെ വില.
************************************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25-ന്. മൻ കി ബാത്തിൻറെ 113-ആം പതിപ്പാണിത്. പരിപാടിയിലേക്കുള്ള പൊതുജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നമോ ആപ്പിലൂടെയോ MyGov ഓപ്പൺ ഫോറം വഴിയോ അറിയിക്കാവുന്നതാണ്. ഈ മാസം 23 ആണ് ആശയങ്ങൾ നൽകാനുള്ള അവസാന തിയതി. ആകാശവാണി, ദൂരദർശൻ എന്നിവയുടെ മുഴുവൻ നിലയങ്ങളിലും രാവിലെ 11 ന് മൻ കി ബാത്ത് പരിപാടി തത്സമയം ലഭ്യമാകും.
************************************************

RIU TVPM

## കോഴിക്കോട് -കേസെടുത്തു

കോഴിക്കോട് വടകരയിൽ ബാങ്ക് ഓഫ് മഹാരാഷ്ട്ര ശാഖയിലെ പണയ സ്വർണ്ണക്രമക്കേടുമായി ബന്ധപ്പെട്ട കേസിൽ മുൻ മാനേജറെ റൂറൽ പോലീസ് കസ്റ്റഡിയിലെടുത്തു. തെലങ്കാനയിൽ നിന്നാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്. സംഭവത്തിൽ വടകര പോലീസ് കേസെടുത്ത് അന്വേഷണം നടത്തി വരികയായിരുന്നു.
************************************************

## കണ്ണൂർ - കാട്ടാന ശല്യം

കണ്ണൂർ ആറളം ഫാമിൽ കാട്ടാന ശല്യം വീണ്ടും രൂക്ഷമായി. തൂക്ക് വൈദ്യുതവേലി തകർത്തെത്തിയ ആനക്കൂട്ടം ഫാമിലെ ഗോഡൗണിൻറെ സമീപത്തെ തെങ്ങിൻ തോട്ടത്തിലും നഴ്സറിയിലും നാശം വരുത്തി. ഫാമിലെ കാട്ടാന തുരത്തൽ അടിയന്തരമായി പുനരാരംഭിക്കണമെന്ന് ഫാം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പറഞ്ഞു.

******************

************************************************